1B1N22287

(Pages : 2)

Reg. No:.......................

Name: .........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester B.Sc CS/ BAMC/GEOLOGY Degree Examination, November 2022**

**BML1A07(3) - Malayala Bashayum Sahithyavum 1**

(2022 Admission onwards)

Time : 2 ½ hours

Max. Marks : 80

## Section – A

ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (2 മാർക്ക് വീതം. പരമാവധി 25 മാർക്ക്)

1. 'വികസന പ്രവർത്തനങ്ങളോടുള്ള പാരിസ്ഥിതിക എതിർപ്പുകൾ പൊതുവേ മൂന്നു വിധത്തിലുള്ളവയാണ്'- വിശദീകരിക്കുക.
2. 'ഏതൊരു വികസന സങ്കല്പത്തിനും അവശ്യം വേണ്ടതായ രണ്ടു ഗുണങ്ങളുണ്ട്.'- അവ ഏതെല്ലാം ?
3. 'നിങ്ങളുടെ കുഞ്ഞുങ്ങളെ അത് പഠിപ്പിക്കുകയും ചെയ്യണം' എന്ന് സിയാറ്റിൻ മൂപ്പൻ നിർദ്ദേശിക്കുന്ന കാര്യം എന്ത് ?
4. പൊക്കുടൻ എന്ന മനുഷ്യനെ ലോകമറിയുന്നത് എങ്ങനെയാണ്?
5. 'ഒരു വിഡ്ഢിയായിരുന്നു ഞങ്ങളുടെ ഏറ്റവും വലിയ താരം.' സന്ദർഭമേത് ?
6. ' അത് എന്നെ പേടിച്ച നടക്കാണെന്നാ തോന്നുന്നത്.' എന്തിനെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്? സാഹചര്യം എഴുതുക.
7. 'അച്ഛനെ മനസ്സിലാക്കാൻ ഇനി ഞാൻ ഏറെ പാടുപെടേണ്ടിയിരിക്കുന്നു.' മകൻ ഇങ്ങനെ വിചാരിക്കാനുണ്ടായ കാരണമെന്ത്?
8. 'എന്നെ മഠത്തിലെടുക്കുമെന്ന് ഞാനൊരിക്കലും കരുതീല സിസ്റ്ററേ...' ഇങ്ങനെ പറയുന്നതാര്? കാരണമെന്ത്
9. ' സ്വഹിലി' ഭാഷയുടെ പ്രത്യേകത എന്ത്?
10. രാജാവ് പണിത് നൽകിയ സ്വർണക്കൂട് തിരിച്ചെടുത്തു എന്ത് പകരം നൽകാനാണ് മീര അഭ്യർഥിക്കുന്നത്
11. 'സഹസ്രാബ്ദങ്ങളുടെ ദീർഘനിദ്രയിൽനിന്ന് അവൻ മെല്ലെ ഉണർന്നു വരികയാണ്.' എന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നത് ആരെയാണ്? എന്തുകൊണ്ട്?
12. 'പഴയൊരപ്പാറക്കൽ പ്രതിമയുണ്ടപ്പൊഴും
പരിശുദ്ധി ചുറ്റും പൊഴിച്ചുനില്പു.
സൂചിതമെന്ത്?

13. 'ഇരുകാതം താണ്ടി ഞാൻ വരുവോളമെന്മക്കൾ

പൊരിയുകിൽച്ചാവുകിൽ തെറ്റല്ലെന്നോ?'

– ഇങ്ങനെ ചോദിക്കാനിടയായ സാഹചര്യമെന്ത്?

14. 'ഒന്നിനെത്തന്നെ നോക്കിയിരിക്കുമ്പോൾ ഞാൻ

അനേകരായി പൊട്ടിപ്പിരിയുന്നു. – പൊരുൾ വിശദമാക്കുക.

15. 'തരികെന്റെ ചിലങ്കകൾ

മുഖപടം മാറ്റി ഞാനാ

ത്തെരുവിലേക്കിറങ്ങട്ടെ

വെയിലിനൊപ്പം' – വരികളിൽ തെളിയുന്ന പ്രതിഷേധമെന്ത്?

## Section - B

ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക് വീതം. പരമാവധി 35 മാർക്ക്

16. നിലനിൽക്കത്തക്കതല്ലാത്ത വികസന പ്രവർത്തനങ്ങളുടെ ലക്ഷണമായി ലേഖകൻ പറയുന്ന കാര്യങ്ങൾ എന്തെല്ലാം?

17. 'അത് സ്വീകരിക്കാൻ തീരുമാനിച്ചാൽ ഞാൻ ഒരു വ്യവസ്ഥ മുന്നോട്ടുവയ്ക്കും.' - സിയാറ്റിൻ മൂപ്പൻ മുന്നോട്ടുവെയ്ക്കുന്ന വ്യവസ്ഥയെന്ത് ?

18. ചാത്തുവിനെക്കുറിച്ച് അച്ഛൻ പങ്കുവെച്ച ഓർമ്മകൾ എന്തെല്ലാം?

19. ജാതിയും മതവും അതിരുകളും രണ്ടുപേരെ ഒരുമിച്ചു ജീവിക്കാൻ അനുവദിക്കാത്തതിന്റെ സാഹചര്യം ലോലയിൽ രൂപപ്പെടുന്നതെങ്ങനെ?

20. ജന്മനാട്ടിൽ കാപ്പിരികൾക്ക് അനുഭവിക്കേണ്ടിവന്ന യാതനകൾ എന്തെല്ലാം?

21. അച്ഛൻ ഉറങ്ങുന്നില്ല എന്ന കഥയിലെ 'അച്ഛന്റെ കഥാപാത്ര നിരൂപണം നടത്തുക.

22. ' മീര പാടുന്നു' എന്ന കവിതയിലൂടെ ഭരണകൂടത്തിന്റെ വിവേചനങ്ങളോടും ജനവിരുദ്ധതയോടും കവി പ്രതികരിക്കുന്നതെങ്ങനെ ?

23. ' ആളുകൾ കണ്ടുകണ്ടാണ് സർ

കടലുകൾ ഇത്ര വലുതായത്

പുഴകൾ ഇതിഹാസങ്ങളായത്.'– സന്ദർഭവും ആശയവും വിശദമാക്കുക.

## Section - C

ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (10 x 2 = 20 മാർക്ക്)

24. അതിജീവനത്തിന്റെ ഭാഗമാണ് പ്രകൃതിസംരക്ഷണം എന്ന് പൊക്കുടൻ ഓർമ്മപ്പെടുത്തുന്നതെങ്ങനെ? വർത്തമാനകാലത്ത് ഇതിന്റെ പ്രസക്തിയെന്ത്?

25. വർത്തമാനകാല മതരാഷ്ട്രീയത്തെ വിമർശനാത്മകമായി സമീപിക്കുന്ന കഥയാണ് 'കക്കുകളി' വിലയിരുത്തുക.

26. ആഫ്രിക്കയിലെ ഇന്ത്യൻകുടിയേറ്റക്കാരുടെ ജീവിതത്തെക്കുറിച്ച് എസ്.കെ നൽകുന്ന വിവരങ്ങൾ സംഗ്രഹിക്കുക.

27. 'ബുദ്ധനും ഞാനും നരിയും' എന്ന കവിത മുന്നോട്ടുവെയ്ക്കുന്ന ദർശനത്തെക്കുറിച്ച് ചർച്ചചെയ്യുക.

1B1N22285 (Pages : 2) Reg. No:.......................

Name: .......................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA/B.Sc Degree Examination, November 2022**

**BML1A07(1) - Malayala Sahithyam 1**

(2022 Admission onwards)

Time : 2 ½ hours

Max. Marks : 80

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. 2 മാർക്ക് വീതം. പരമാവധി മാർക്ക് 25**

1. താലവനത്തിൽച്ചെന്ന കൃഷ്ണനും ബലരാമനും എന്താണ് ചെയ്തത്?
2. "കണ്ടൊരുനേരത്ത് കൊണ്ടൽനേർവർണ്ണൻതാൻ ഇണ്ടലായ് നിന്ന് നുറുങ്ങുന്നേരം" കൊണ്ടൽനേർവർണ്ണൻ ഇണ്ടലായ് നിന്ന് നുറുങ്ങുവാൻ കാരണമെന്ത്?
3. "പോയാലുമെങ്കിൽ സുഖമായ് വരിക തേ " സന്ദർഭമേത്? ആരാണ് വക്താവ് ?
4. "...അതുകാരണം രാഘവൻ പോകുന്നിതു വനത്തിനു" ഏത് കാരണം?
5. അർഥമെത്രയുണ്ടായാലും തൃപ്തിയാകാത്ത മനുഷ്യമനസ്സിന്റെ സ്വഭാവം പൂന്താനം എങ്ങനെയാണ് അവതരിപ്പിക്കുന്നത്?
6. ശിശുപാലൻ ജനിച്ചപ്പോൾ എന്തെല്ലാം പ്രത്യേകതകളാണ് ഉണ്ടായിരുന്നത്?
7. ഉണ്ണിയാർച്ച കണ്ട സ്വപ്നം എന്തായിരുന്നു ?
8. "തീരാതെ എന്നെ ദുഃഖക്കടലിൽപ്പെട്ടെ" ആര് ? എന്തുകൊണ്ട്?
9. "ഞാനൊരു കാര്യം ചെയ്യാൻ പോകുകാ. തടസ്സം പറയരുത്": കുഞ്ഞുനായർ എന്താണ് ചെയ്തത് ? പ്രതികരണം എന്തായിരുന്നു?
10. രാച്ചിയമ്മയെ കഥാനായകൻ ആദ്യമായി കണ്ടത് ഏത് സന്ദർഭത്തിലാണ്?
11. "അങ്ങനെ ചിന്തിച്ചപ്പോൾ അതുവരെ അനുഭവപ്പെടാത്ത ഒരു കുറ്റബോധവും തോന്നി": മകൾക്ക് കുറ്റബോധം തോന്നാൻ കാരണമെന്തായിരുന്നു?
12. "തൊട്ടു തീണ്ട്യാ കുറുക്കുമോ വെളുക്കുമോ
    തീണ്ട്യാല് കുറുക്കുമോ തീണ്ട്യാല് വെളുക്കുമോ ?" ആശയം വിശദമാക്കുക
13. "ഓള് ഇറങ്ങിപ്പോകുന്നത് കാണാൻ എനിക്ക് ഭാഗ്യണ്ടായീല": ഇതാരുടെ വാക്കുകളാണ്? സന്ദർഭം വ്യക്തമാക്കുക.
14. "ഞാൻ മരിച്ചതാ, പക്ഷേ എനിക്കിനിയും ജീവിക്കണം" ആരുടെ വാക്കുകളാണിത്? ഇങ്ങനെ പറയാൻ ഇടയാക്കിയ സാഹചര്യം എന്തെന്ന് വ്യക്തമാക്കുക.
15. "അവർക്ക് പാസ്പോർട്ടില്ല. ആധാർ കാർഡില്ല. വോട്ടവകാശമില്ല. ഒന്നുമില്ല സാർ." ആരെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്?

**16മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് 100വാക്കിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക് വീതം. പരമാവധി കിട്ടാവുന്ന മാർക്ക് 35 .**

16. "ബാല്യകാലത്തുതന്നെ ആശ്രിതരക്ഷകനും പക്വമതിയുമായ ഒരാളായാണ് കൃഷ്ണനെ ചെറുശ്ശേരി അവതരിപ്പിച്ചിട്ടുള്ളത്" *കാളിയമർദ്ദനം* എന്ന പാഠഭാഗം മുൻ നിർത്തി സമർഥിക്കുക.
17. രുഗ്മിണിയുടെ ഭർത്താവ് ഏതെല്ലാം യോഗ്യതകളുള്ള ആളാവണം എന്നാണ് പിതാവിന്റെ താല്പര്യം?

18. "ആൺപോരിമയുടെ കാലത്ത് തികച്ചും വ്യത്യസ്തയായ ഒരു നായികയാണ് ഉണ്ണിയാർച്ച."
ഈ പ്രസ്താവന സോദാഹരണം സമർഥിക്കുക.

19. രോഗം സൃഷ്ടിക്കുന്ന ഭീതിയും ഏകാന്തതയും പ്രതിഫലിപ്പിക്കുന്നതിൽ *ഉള്ളുരുക്കം* എന്ന കഥ എത്രത്തോളം വിജയിച്ചിട്ടുണ്ട് ?

20. "ടൈഗർ ഭാഗ്യവാനായ നായയാണ്" നായയെ ഭാഗ്യവാൻ എന്ന് വിശേഷിപ്പിച്ചതിലൂടെ കഥയ്ക്കു ലഭിക്കുന്ന സവിശേഷാർഥം വിശദമാക്കുക.

21. "മാന്യം /അമാന്യം എന്ന അതിർവരമ്പ് പ്രത്യക്ഷത്തിൽ മാത്രമുള്ള ഒന്നാണെന്ന് അഷിതയുടെ *ഒത്തുതീർപ്പ്* എന്ന കഥ ബോധ്യപ്പെടുത്തുന്നു." ഈ പ്രസ്താവന വിലയിരുത്തി നിങ്ങളുടെ അഭിപ്രായം അവതരിപ്പിക്കുക.

22. *ഈസ* എന്ന കഥയുടെ ആഖ്യാനത്തിന് ഭ്രമാത്മകമായ പശ്ചാത്തലം നല്കുന്ന ഊർജ്ജം എത്രത്തോളമുണ്ടെന്നു പരിശോധിക്കുക.

23. "ലൈംഗികശരീരം മാത്രമായി പരിഗണിക്കപ്പെടുന്ന സ്ത്രീയുടെ അവസ്ഥയാണ് പ്രമോദ് രാമൻ *തന്തത്താഴി*ലൂടെ അവതരിപ്പിക്കുന്നത്" വിലയിരുത്തുക.

**ഉപന്യാസ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 10 മാർക്ക് വീതം.**

24. "ആഖ്യാനഭാഷയുടെ പ്രത്യേകതകൾ പരിശോധിച്ചാൽ വായനക്കാരായ ആസ്വാദകരെക്കാൾ കേൾവിക്കാരായ ആസ്വാദകരെ പരിഗണിച്ച സാഹിത്യകാരനാണ് കുഞ്ചൻനമ്പ്യാർ എന്ന് തോന്നും." ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം സയുക്തികം അവതരിപ്പിക്കുക.

25. "തത്ത്വചിന്തയെ സാമാന്യമനുഷ്യന് മനസ്സിലാവുന്ന തരത്തിൽ അവതരിപ്പിക്കുകയാണ് ജ്ഞാനപ്പാനയിലൂടെ പൂന്താനം." ഈ പ്രസ്താവന സാധൂകരിക്കുന്ന ഉപന്യാസം തയ്യാറാക്കുക.

26. "ആൺപെൺ ബന്ധങ്ങൾ രൂപപ്പെടുന്നത് ഏതെല്ലാം വിചിത്ര വഴികളിലൂടെയാണ് എന്ന വിസ്മയത്തിലേക്ക് വായനക്കാരെ നയിക്കുന്ന കഥകളാണ് *മോതിരവും രാച്ചിയമ്മയും*." സമർഥിക്കുക.

27. നാടൻ പാട്ടിന്റെ സവിശേഷതകൾ *എന്തുതന്റെ തീണ്ടലാണ്*, *ഉണ്ണിയാർച്ച കുത്ത് കാണാൻ പോയ കഥ* എന്നിവയെ മുൻനിർത്തി ചർച്ചചെയ്യുക.

1B1N22286 (Pages : 2) Reg. No:.......................

Name: .......................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BCOM/BBA Degree Examination, November 2022**

**BML1A07(2) - Malayala Sahithya Padanam 1**

(2022 Admission onwards)

Time : 2 ½ hours

Max. Marks : 80

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. രണ്ടു മാർക്ക് വീതം. പരമാവധി മാർക്ക് 25**

1. കാപ്പന്റെ ജീവിതത്തിൽ ബോധാനന്ദന്റെ സ്ഥാനം എന്താണ്?
2. "ഒരുപാട് കൊല്ലം ഓടിയതല്ലേ...ഇനിയൊന്നിരിക്കണം." ആരുടെ വാക്കുകൾ? എന്തിനെ പ്പറ്റി?
3. രാമൻ നായരുടെ നാവിന്റെ പ്രത്യേകത എന്തായിരുന്നു ?
4. "സ്വന്തം നാട്ടിലൊരു അന്യനായി കഴിയുക എന്നത് ആർക്കും സുഖകരമാവില്ലല്ലോ": വിവ ക്ഷിതം വ്യക്തമാക്കുക
5. മതങ്ങളെക്കുറിച്ച് ശ്രീനാരായണ ഗുരു മുന്നോട്ടുവെച്ച അദ്വൈത ദർശനം എന്താണ്?
6. മതത്തിന്റെ ആന്തരിക ബാഹ്യരൂപങ്ങൾ തമ്മിലുള്ള വ്യത്യാസം എന്താണ്?
7. 'പുരോഗമന പക്ഷത്തു നിൽക്കുന്ന രചനകളിൽപ്പോലും കടന്നു വരുന്ന ബലഹീനത' എന്ന് കെ ഇ എൻ വിളിക്കുന്നത് എന്തിനെയാണ്?
8. *വിവരവിനോദം* എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?
9. 'പാശ്ചാത്യന് മാത്രമേ ആധികാരികതയുള്ളൂ എന്ന കൊളോണിയൽ അധമഭാവം ടെലിവി ഷൻ അവതാരകർക്കുണ്ടെ'ന്ന എം.എൻ കാരശ്ശേരിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാന മെന്ത്?
10. കടകിനെക്കുറിച്ചുള്ള ഡെർവല മർഫിയുടെ നിരീക്ഷണം എന്തായിരുന്നു ?
11. കദന്നൂര് എന്ന പേര് വന്നതെങ്ങനെ?
12. എൻ.പ്രഭാകരൻ കടകിൽവെച്ച് പരിചയപ്പെട്ട കറുത്തൻ എന്ന വ്യക്തിയുടെ പ്രത്യേകതകൾ ചൂണ്ടിക്കാട്ടുക.
13. മന്ദപ്പൻ കൊല്ലപ്പെട്ടതെങ്ങനെ?
14. ബാലുവിനെ യാത്രയാക്കാൻ പോകാതിരിക്കുന്നതിന് നീലിമ കണ്ടെത്തിയ കാരണങ്ങൾ ഏവ?
15. ഉമാപതിക്ക് മകളെ നഷ്ടപ്പെട്ടതെങ്ങനെ?

**16മുതൽ 23 വരെയുള്ളചോദ്യങ്ങൾക്ക് 100വാക്കിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക് വീതം. പരമാവധി മാർക്ക് 35 .**

16. 'കറുപ്പ്, വെളുപ്പ് ദ്വിത്വത്തിന് വർണ്ണവിവേചനത്തിനപ്പുറം രാഷ്ട്രീയാന്തർഗതങ്ങളുണ്ട്' എന്ന് കെ ഇ എൻ പറയുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുക.
17. 'ആരാണ് മലയാളി എന്ന ചോദ്യം സങ്കീർണ്ണമാണ്' എന്ന എം എൻ കാരശ്ശേരിയുടെ നിരീ ക്ഷണത്തിന്റെ അടിസ്ഥാനമെന്ത്?

18. "അയൽരാജ്യത്ത് എത്തിച്ചേരാൻ ഉമാപതി തന്നെത്തന്നെ തോൽപ്പിക്കുകയാണ്." ഈ നിരീക്ഷണം സാധൂകരിക്കുന്ന ലഘുപന്യാസം തയ്യാറാക്കുക ?

19. "തിരക്കുകളിൽനിന്ന് പെട്ടെന്ന് മുക്തനായിപ്പോകുന്ന ഒരാളുടെ മാനസികാവസ്ഥ ഹാസ്യാത്മകമായി ആവിഷ്കരിക്കുന്ന കഥയാണ് സൂചിമുഖി" വിശദമാക്കുക.

20. കോട്ടാർ ആശുപത്രിയിൽ ധർമ്മപാലൻ കണ്ട കാഴ്ചകൾ എന്തായിരുന്നു?

21. ഭാര്യയും അമ്മയും തമ്മിലുള്ള സംഘർഷങ്ങൾ ധർമ്മപാലന്റെ ഗാർഹികജീവിതത്തെ എങ്ങനെയാണ് ബാധിച്ചത് എന്ന് വിവരിക്കുക?

22. കടകിൽ വെച്ച് പരിചയപ്പെട്ട ഫീലിപ്പോസിനെ എൻ പ്രഭാകരൻ വായനക്കാർക്ക് മുന്നിൽ അവതരിപ്പിക്കുന്നത് എപ്രകാരമാണ്?

23. മന്ദപ്പൻ ദൈവമായതെങ്ങനെയെന്ന് വിവരിക്കുക ?

**ഉപന്യാസ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 10 മാർക്ക് വീതം .**

24. .മതകലഹങ്ങൾക്ക് അറുതിവരുത്താൻ അഴീക്കോട് നിർദ്ദേശിക്കുന്ന മാർഗ്ഗം കാര്യകാരണ സഹിതം വിവരിക്കുക.

25. എത്ര പുരോഗമിച്ചാലും മായാതെ കിടക്കുന്ന ജാതിവിവേചനത്തിന്റെ ലോകം ആവിഷ്കരിക്കുന്നതിൽ *ആറുസിംഹാസനങ്ങൾ* എന്ന നോവൽ വിജയിച്ചിട്ടുണ്ടോ എന്നു വിലയിരുത്തുക.

26. "ഒറ്റയ്ക്ക് വിരിയുന്ന പൂക്കളാണ് പലപ്പോഴും നമ്മളൊക്കെ" ഒറ്റപ്പെടൽ എന്ന അവസ്ഥയെയും അതിനോടുള്ള പ്രതികരണത്തെയും ആവിഷ്കരിക്കുന്നതിൽ മാനസിയുടെ *ഒരിതൾ* എന്ന കഥ എത്രത്തോളം വിജയിച്ചിട്ടുണ്ട് എന്ന് വിലയിരുത്തുക .

27. രാജാക്കന്മാർ മാറിയാലും അധികാരത്തിന്റെ സ്വഭാവം മാറ്റമില്ലാതെ തുടരും എന്ന തിരിച്ചറിവാണ് എം സുകുമാരൻ *അയൽരാജാവിലൂടെ* പറയുന്നത് : വിശദമാക്കുക.

1B1N22287 (Pages : 2) Reg. No:........................

Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BVOC AUTO/BVOC SD Degree Examination, November 2022**

**A07(M) - Malayala Bashayum Sahithyavum 1**

(2022 Admission onwards)

Time : 2 ½ hours

Max. Marks : 80

## Section – A

ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (2 മാർക്ക്‌വീതം. പരമാവധി 25 മാർക്ക്)

1. 'വികസന പ്രവർത്തനങ്ങളോടുള്ള പാരിസ്ഥിതിക എതിർപ്പുകൾ പൊതുവേ മൂന്നു വിധത്തിലുള്ളവയാണ്' -വിശദീകരിക്കുക.
2. 'ഏതൊരു വികസന സങ്കല്പത്തിനും അവശ്യം വേണ്ടതായ രണ്ടു ഗുണങ്ങളുണ്ട്.'- അവ ഏതെല്ലാം ?
3. 'നിങ്ങളുടെ കുഞ്ഞുങ്ങളെ അത് പഠിപ്പിക്കുകയുംചെയ്യണം' എന്ന് സിയാറ്റിൻ മൂപ്പൻ നിർദ്ദേശിക്കുന്ന കാര്യംഎന്ത് ?
4. പൊക്കുടൻ എന്ന മനുഷ്യനെ ലോകമറിയുന്നത് എങ്ങനെയാണ്?
5. 'ഒരു വിഡ്ഢിയായിരുന്നു ഞങ്ങളുടെ ഏറ്റവും വലിയ താരം.'സന്ദർഭമേത് ?
6. 'അത് എന്നെ പേടിച്ച നടക്ക്വാണെന്നാ തോന്നുന്നത്.' എന്തിനെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്? സാഹചര്യം എഴുതുക.
7. 'അച്ഛനെ മനസ്സിലാക്കാൻ ഇനി ഞാൻ ഏറെ പാടുപെടേണ്ടിയിരിക്കുന്നു.' മകൻ ഇങ്ങനെ വിചാരിക്കാനുണ്ടായ കാരണമെന്ത്?
8. 'എന്നെ മഠത്തിലെടുക്കുമെന്ന് ഞാനൊരിക്കലും കരുതീല സിസ്റ്ററേ...' ഇങ്ങനെ പറയുന്നതാര്? കാരണമെന്ത്
9. 'സ്വാഹിലി' ഭാഷയുടെ പ്രത്യേകത എന്ത്?
10. രാജാവ് പണിത് നൽകിയ സ്വർണക്കൂട് തിരിച്ചെടുത്തു എന്ത് പകരം നൽകാനാണ് മീര അഭ്യർഥിക്കുന്നത്
11. 'സഹസ്രാബ്ദങ്ങളുടെദീർഘനിദ്രയിൽനിന്ന് അവൻ മെല്ലെഉണർന്നുവരികയാണ്.' എന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നത് ആരെയാണ്?എന്തുകൊണ്ട്?
12. 'പഴയൊരപ്പാറക്കൽ പ്രതിമയുണ്ടപ്പൊഴും
പരിശുദ്ധി ചുറ്റും പൊഴിച്ചുനില്പു.
സുചിതമെന്ത്?

13. 'ഇരുകാതം താണ്ടി ഞാൻ വരുവോളമെന്മക്കൾ

പൊരിയുകിൽച്ചാവുകിൽ തെറ്റല്ലെന്നോ?'

– ഇങ്ങനെ ചോദിക്കാനിടയായ സാഹചര്യമെന്ത്?

14. 'ഒന്നിനെത്തന്നെ നോക്കിയിരിക്കുമ്പോൾ ഞാൻ

അനേകരായി പൊട്ടിപ്പിരിയുന്നു. – പൊരുൾ വിശദമാക്കുക.

15. 'തരികെന്റെ ചിലങ്കകൾ

മുഖപടം മാറ്റിഞാനാ

ത്തെരുവിലേക്കിറങ്ങട്ടെ

വെയിലിനൊപ്പം' – വരികളിൽ തെളിയുന്ന പ്രതിഷേധമെന്ത്?

## Section - B

ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക്വീതം. പരമാവധി 35 മാർക്ക്

16. നിലനിൽക്കത്തക്കതല്ലാത്ത വികസന പ്രവർത്തനങ്ങളുടെ ലക്ഷണമായി ലേഖകൻ പറയുന്ന കാര്യങ്ങൾ എന്തെല്ലാം?

17. 'അത് സ്വീകരിക്കാൻ തീരുമാനിച്ചാൽ ഞാൻ ഒരു വ്യവസ്ഥ മുന്നോട്ടു വയ്ക്കും.' – സിയാറ്റിൻ മൂപ്പൻ മുന്നോട്ടു വെയ്ക്കുന്ന വ്യവസ്ഥയെന്ത് ?

18. ചാത്തുവിനെക്കുറിച്ച് അച്ഛൻ പങ്കുവെച്ച ഓർമ്മകൾ എന്തെല്ലാം?

19. ജാതിയും മതവും അതിരുകളും രണ്ടു പേരെ ഒരുമിച്ചു ജീവിക്കാൻ അനുവദിക്കാത്തതിന്റെ സാഹചര്യം ലോലയിൽ രൂപപ്പെടുന്നതെങ്ങനെ?

20. ജന്മനാട്ടിൽ കാപ്പിരികൾക്ക് അനുഭവിക്കേണ്ടിവന്ന യാതനകൾ എന്തെല്ലാം?

21. അച്ഛൻ ഉറങ്ങുന്നില്ല എന്ന കഥയിലെ 'അച്ഛന്റെ കഥാപാത്രനിരൂപണം നടത്തുക.

22. 'മീര പാടുന്നു' എന്ന കവിതയിലൂടെ ഭരണകൂടത്തിന്റെ വിവേചനങ്ങളോടും ജനവിരുദ്ധതയോടും കവി പ്രതികരിക്കുന്നതെങ്ങനെ ?

23. 'ആളുകൾ കണ്ടുകണ്ടാണ്സർ

കടലുകൾ ഇത്ര വലുതായത്

പുഴകൾ ഇതിഹാസങ്ങളായത്.'– സന്ദർഭവും ആശയവും വിശദമാക്കുക.

## Section - C

ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (10 x 2 = 20മാർക്ക്)

24. അതിജീവനത്തിന്റെ ഭാഗമാണ് പ്രകൃതിസംരക്ഷണം എന്ന് പൊക്കുടൻ ഓർമ്മപ്പെടുത്തുന്നതെങ്ങനെ? വർത്തമാനകാലത്ത് ഇതിന്റെ പ്രസക്തിയെന്ത്?

25. വർത്തമാനകാല മതരാഷ്ട്രീയത്തെ വിമർശനാത്മകമായി സമീപിക്കുന്ന കഥയാണ്' കക്കുകളി' വിലയിരുത്തുക.

26. ആഫ്രിക്കയിലെ ഇന്ത്യൻകുടിയേറ്റക്കാരുടെ ജീവിതത്തെക്കുറിച്ച് എസ്.കെ നൽകുന്ന വിവരങ്ങൾ സംഗ്രഹിക്കുക.

27. 'ബുദ്ധനും ഞാനും നരിയും' എന്ന കവിത മുന്നോട്ടുവെയ്ക്കുന്ന ദർശനത്തെക്കുറിച്ച് ചർച്ചചെയ്യുക.

1B1N22288 (Pages : 3) Reg. No:..........................

Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Malayalam Degree Examination, November 2022**

**BML1B01 - AdunikaMalayalaKavitha**

(2022 Admission onwards)

Time : 2 ½ hours Max. Marks : 80

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.**

[ 15 x 2 = 30 (പരമാവധിമാർക്ക് 25)]

1. ഇരുണ്ടു നീണ്ടെന്തിനു? ഹന്ത! നോക്കുവിൻ
   കരണ്ടിടുന്നു കരപ്രതമെന്നപോൽ,
   ഇടയ്ക്കിടെ പ്പൊന്തി നദന്ത പംക്തിയാൽ
   ഉടക്കി വാനാമൊരുചെമ്പുപാളിയെ"-എന്തിനെ കുറിച്ചുള്ള
   വിശേഷണമാണിത് ? കവിത ഏത്?
2. വിടവാങ്ങൽ എന്ന കവിതയിലെ പ്രമേയം എന്ത്?
3. "എന്നെയുമാനപ്പുറത്തു കയറ്റണം,
   എന്നെയുമെന്നെയുമെന്നെയുമെന്നെയും"- സന്ദർഭമെന്ത്?
4. "ഇക്കാണും ലോകങ്ങളീശ്വരന്റെ മക്കളാണെല്ലാമൊരു ജാതി
   നീക്കി നിറുത്താമോ സമസൃഷ്ടിയെ ദൈവം
   നോക്കിയിരിപ്പില്ലേ? യോഗപ്പെണ്ണേ! - തീണ്ടൽ
   ധിക്കാരമല്ലയോ? ജ്ഞാനപ്പെണ്ണേ! –"ഈ വരികളിലെ ആശയമെന്ത്?
5. "തിങ്ങിപ്പൊങ്ങും തമസ്സിൽ കടലിലൊരു കുടംപോലെ
   ഭൂചക്രവാളം ;-"
   എന്ന് ആരംഭിക്കുന്ന കവിത ഏത് ? എഴുതിയത് ആര്?
6. കുമാരനാശാന്റെ' ലീല' എന്ന ഖണ്ഡകാവ്യത്തിലെ നായികാനായകന്മാർ
   ആരെല്ലാം?
7. "പിരികയാണിതാ, ഞാനൊരധഃകൃതൻ
   കരയുവാനായ്പ്പിറന്നൊരു കാമുകൻ!" - കവി ഇങ്ങനെ പറയുവാനുള്ള
   കാരണമെന്ത്?
8. ' ഒട്ടും പേടിക്കേണ്ടെൻ മകനേ,
   മണ്ണറപൂകിയഞാഞ്ഞൂളുകൾ തൻ പുറ്റുകളാ; -
   ണിവയല്ലോ നമ്മുടെപുതിയ യുഗത്തിലെ നാഗത്താന്മാർ' –ഇവിടെ
   സൂചിതമാകുന്ന ആശയമെന്ത്?

9. " എന്റെവംശത്തിൻ കഥ

എഴുതി വെച്ചീടാൻ പണ്ടീ -

ഉർവ്വിയിലൊരു വരുമില്ലാതെ

പോയല്ലോ"- എന്ന് കവി വേദനിക്കുന്നതിന്റെകാരണമന്ത്?

10. ' പുതസംസ്കാരനിക്ഷേപച്ചെപ്പുകൾ

ഭൂതകാലത്തിൻ പാമ്പണിക്കാവുകൾ' - വിവക്ഷിതമെന്ത്?.

11. 'പൊരുതുന്നവരുടെ ശക്തികളിവിടെ-

ത്തമ്മിൽച്ചേർന്നു പടർന്നുയരുന്നു.' - എന്തിന് വേണ്ടിയാണ് ആഫ്രിക്കൻ

ജനത സംഘടിച്ചത് ?

12. "തുരുമ്പിലും ഞാൻ വായിച്ചേൻ

ധ്വനികാവ്യം സുധാമയം;

മൗനത്തിലും ചെവിക്കൊണ്ടേൻ

മധുരം വല്ലകിക്വണം " - ആശയമെന്ത്?

13. സർപ്പക്കാട് എന്ന കവിതയിലൂടെ തെളിയുന്ന കവിയുടെ

ജീവിതദർശനം എന്ത്?

14. "കുഞ്ഞുമോനിഷ്ടാവുമെന്നോതിനിന്റെ കൈ

ക്കുമ്പിളിൽത്തന്നെയൊതുക്കിനിന്നോഹരി" - സന്ദർഭമെന്ത്?

15. "കെട്ടിയ പെണ്ണുമായ്മാർഗ്ഗമദ്ധ്യം

മുട്ടിച്ചിട്ടാതെവഴിമാറെടാ "- ആര് ആരോടാണ് ഇങ്ങനെ പറയുന്നത് ?

ഏത് കവിതയിൽ?

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക.**

**[ 8 x 5 = 40 (പരമാവധിമാർക്ക് 35)]**

16. എങ്ങു മനുഷ്യനു ചങ്ങല കൈകളി,

ലങ്ങൻ കൈയുകൾ നൊന്തീടുകയാ,

ണെങ്ങോമർദ്ദന,മവിടെപ്രഹരം

വീഴുവതെന്റെ പുറത്താകുന്നു - ആശയം വ്യക്തമാക്കുക.

17. ഒരു സ്ത്രീപക്ഷകാവ്യം എന്ന നിലയിൽ കുമാരനാശാന്റെ ലീലയെ

വിമർശനാത്മകമായി പരിശോധിക്കുക.

18. ."അന്ധതയിൽ കുടിവെച്ചു പെരുത്തൊരു

ദേവതമാരേ, നിങ്ങടെപടലാൽ

നൊന്തു ഞരങ്ങി. മാനവജീവിത -

മഗ്നികൊള്ളുത്തുകയായിഞങ്ങൾ!-- ഇവിടെ തെളിയുന്ന കവിയുടെ

തത്വശാസ്ത്രം വിശദമാക്കുക.

19. "ഉണ്ണീ മറക്കായ്ക, പക്ഷേയൊരമ്മതൻ
നെഞ്ചിൽ നിന്നുണ്ടമധുരമൊരിക്കലും !" ഈ വരികളിലെ
അർത്ഥവ്യാപ്തി പരിശോധിക്കുക.

20. വിലാപകാവ്യമെന്ന നിലയിൽ ഒരു വിലാപത്തെ വിലയിരുത്തുക?

21. ദൈവദശകം' കേവലമായ ഒരു പ്രാർത്ഥനാഗീതമോബാലകൃതിയോ
അല്ല, മറിച്ച് സാമൂഹ്യ, രാഷ്ട്രീയ വശങ്ങളെ സൂക്ഷ്മ
നിരീക്ഷണവിധേയമാക്കുന്ന കാവ്യമാണ് - ഈ അഭിപ്രായത്തോട്
നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദമാക്കുക.

22. "സമയമായി ,ഞാൻ - നീളും നിഴലുകൾ
ക്ഷമയളന്നതാനിൽക്കുന്നുനീളേവേ "- സന്ദർഭവും സാരസ്യവും
വ്യക്തമാക്കുക?

23. ഉയരാനക്രമനീതിയ്ക്കെതിരായ്
പൊരുതാനൊരുവനുയിർക്കുമ്പോൾ
ഞാനപരാജിതാണെന്നുടെജന്മം
സാർത്ഥകമാണവനാകുന്നുഞാൻ.- സന്ദർഭവും സ്വാരസ്യവും
വ്യക്തമാക്കുക.

**ഏതെങ്കിലും രണ്ട്ചോദ്യങ്ങളെകുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക [2 x 10 = 20]**

24. മഹാകവി ടി.ഉബൈദിന്റെ ജീവിതവും കവിതകളും മലയാള കവിതാ
ചരിത്രത്തിലെ ശ്രദ്ധേയമായ അദ്ധ്യായങ്ങളാണ് - വിട വാങ്ങൽ എന്ന
കവിതയെ മുൻ നിർത്തിചർച്ച ചെയ്യുക.

25. മലയാള കവിതാ സാഹിത്യത്തിൽ നവീനമായൊരു കാവ്യ രീതി
പരിചയപ്പെടുത്തുകയാണ് മലയവിലാസം എന്ന കൃതി - ചർച്ചചെയ്യുക.

26. പൊയ്കയിൽ കുമാരഗുരുവിന്റെ നവോത്ഥാന പരിശ്രമങ്ങളുടെ
പുരോഗമനാത്മകമായ പരിപ്രേക്ഷ്യങ്ങളെ തിരിച്ചറിഞ്ഞ് പുതിയ
കാലത്ത് അടയാളപ്പെടുത്തേണ്ട ത്രാഷ്ട്രീയവും സാംസ്കാരികവുമായ
കടമകൂടിയാണ് - വിശദമാക്കുക.

27. ഇടശ്ശേരികവിതയുടെ സൗന്ദര്യവും ശക്തിയും വ്യക്തമാക്കുന്ന
കവിതയാണ് പണിമുടക്കം. ചർച്ച ചെയ്യുക.

1B1N22289 (Pages : 1) Reg. No:.........................

Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Malayalam Degree Examination, November 2022**

**BML1C01 - Kerala Padanam- PoovakalaKeralam**

(2022 Admission onwards)

Time : 1 ½ hours Max. Marks : 40

**SECTION – A**

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.**

1 ഉപാദാന സാമഗ്രികൾ എന്നാൽ എന്താണ്

2 മുനിയറ എന്നാലെന്ത് ?

3 സംഘം എന്നാൽ എന്താണ് ?

4 ചരിത്രപ്രമാണമെന്ന നിലയിൽ നാടോടി പാട്ടുകളുടെ സവിശേഷതയെന്ത് ?

5. സംസ്കാരത്തിന് ഒരു നിർവചനം നൽകുക.

6 കേരളത്തിലെ പ്രധാന ജൈനമത കേന്ദ്രങ്ങളെ പരിചയപ്പെടുത്തുക

(6 X 2 = 12, പരമാവധി 10 മാർക്ക്)

**SECTION – B**

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക**

7 സംസ്കാരത്തിന്റെ സവിശേഷതകളെന്തെല്ലാം ?

8 സംഘകാലത്തെ ആചാരാനുഷ്ഠാനങ്ങൾ വിവരിക്കുക.

9 സംഘകാല കേരളത്തിലെ ഭൂവിഭാഗങ്ങളെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

10 കേരളത്തിലെ ആദ്യകാല വിദേശ ബന്ധങ്ങളെകുറിച്ച് കുറിപ്പ് തയ്യാറാക്കുക

11 പെരുമാൾ വാഴ്ച – കുറിപ്പെഴുതുക

12 മധ്യകാല കേരളത്തിലെ ദായക്രമത്തെകുറിച്ചു ഒരു കുറിപ്പ് തയ്യാറാക്കുക.

(6 X 4= 24, പരമാവധി 20 മാർക്ക്)

**SECTION – C**

**ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

13 ആര്യാഗമനത്തോടെ കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ ഉണ്ടായ മാറ്റം വിവരിക്കുക.

14. കേരളചരിത്ര രചനയ്ക്ക് ഉപയോഗിക്കാവുന്ന പ്രമാണസാമഗ്രികളെക്കുറിച്ചു ഒരു പഠനം തയ്യാറാക്കുക.

(1 X 10 = 10)